# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *3 25.04.2017 ലെ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. ജോർജ്ജ് .എം. തോമസ്<br>ശ്രീ. സി.കൃഷ്ണൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഈ സർക്കാർ നൽകിയ ദുരിതാശ്വാസവും ചികിത്സ സഹായവും എന്തെല്ലാമെന്ന് അറിയിക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള ധനസഹായത്തിന്റെ മൂന്നാം ഗഡുവായി 56,76,00,000/- രൂപ (അൻപത്തിയാറു കോടി എഴുപത്തിയാറു ലക്ഷം രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചു.<br><br>2013 ൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽ ദുരിതബാധിത പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ മാരക രോഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയ വരുമായ 128 പേർക്കും കൂടി ഇതേ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം 07.09.2016 ൽ അനുവദിച്ചിട്ടുണ്ട്.<br><br>സൗജന്യ ചികിത്സ അനുവദിച്ച വകയിൽ വിവിധ ആശുപത്രികൾക്ക് 2,51,81,841/- രൂപ (രണ്ടു കോടി അൻപത്തിയൊന്നു ലക്ഷത്തി എൺപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപത്തിയൊന്ന് രൂപ) അനുവദിച്ചിട്ടുണ്ട്.<br><br>നബാർഡ്-RIDF സ്കീമിൽപ്പെടുന്ന പദ്ധതികൾക്കായി ഇരുപത് കോടി രൂപ ചെലവഴിച്ചു. ആശുപത്രികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. വിവിധ ആശുപത്രികൾ, ജലവിതരണം തുടങ്ങിയ പദ്ധതികൾക്കായി ഭരണാനുമതി നൽകിയ |

236 പദ്ധതികളിൽ 172 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. സർക്കാർ ഇതിനകം 80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
എൻഡോസൾഫാൻ ദുരിതബാധിതർ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും മറ്റും എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലും ഉള്ള ജപ്തി നടപടികൾക്ക് 26.10.2016 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി മോറട്ടോറിയം ദീർഘിപ്പിച്ചിട്ടുണ്ട്.

ദുരിതബാധിതർക്ക് ലഭ്യമാക്കി വരുന്ന സൗജന്യ സ്പെഷ്യലിസ്റ്റ് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പുറമെ എം പാനൽഡ് ആശുപത്രികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റ് , ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവയിലൂടെ വിദഗ്ദ്ധ ചികിത്സ നൽകിവരുന്നുണ്ട്.

11 പഞ്ചായത്തുകളിലെ രോഗികൾക്കും ചികിത്സയ്ക്കായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ, ജനറൽ ആശുപത്രികളിൽ സുസജ്ജമായ ഫിസിയോതെറാപ്പി കേന്ദ്രങ്ങൾക്കു പുറമേ CHC, PHC എന്നിവടങ്ങളിലും ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്കായി തിരിച്ചറിയൽ കാർഡ് അനുവദിച്ചിട്ടുണ്ട്.

ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കിയുള്ള ഒരു റീഹാബിലിറ്റേഷൻ വില്ലേജിന് മുളിയാർ പഞ്ചായത്തിൽ പ്ലാൻറേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 25 ഏക്കർ ഭൂമി കണ്ടെത്തി ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

നിലവിൽ പ്രവർത്തിച്ച് വരുന്ന 7 ബഡ്സ്

സ്കൂളുകൾക്ക് പുറമേ 10 ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

മറ്റ് പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) നിലവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ ദുരിതബാധിതരെ ലിസ്റ്റിൽ ഉൾപ്പെടുത്തി ധനാശ്വാസം നൽകാൻ നടപടിയുണ്ടാകുമോ ;

(ബി) നിലവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 5.4.2017 മുതൽ 9.4.2017 വരെ അഞ്ച് വിവിധ സ്ഥലങ്ങളിലായി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അവരുടെ രോഗാവസ്ഥ പരിഗണിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സുപ്രീംകോടതി വിധി പ്രകാരം, എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസത്തിനായി കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിരുന്നോ; കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു; കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) കേരള സർക്കാർ 2012 ൽ 483 കോടി രൂപ കേന്ദ്രധനസഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കാത്തതിനാൽ ബഹു. കേരള മുഖ്യമന്ത്രിയുടെ 14.02.2017 ലെ അർദ്ധഔദ്യോഗിക കത്ത് മുഖാന്തിരം പുതിയ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി ആലോചിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മറ്റ് ആശ്വാസ പദ്ധതികൾ

1. പ്രതിമാസ പെൻഷൻ:

ദുരിതബാധിതരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200, 2200 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു.

2. സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി :

എൻഡോസൾഫാൻ ദുരിതംമൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് ഈ പദ്ധതി മുഖേന പ്രതിമാസം 700 രൂപ അനുവദിച്ച് നൽകുന്നു.

3. വിദ്യാഭ്യാസ സ്കോളർഷിപ്പ് :

ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിവിധ ഘട്ടങ്ങളിൽ അനുവദിച്ച് നൽകിയ വിദ്യാഭ്യാസ സഹായം തുടർന്ന് വരുന്നു.

ബഡ്സ് സ്കൂൾ - 2000/- രൂപ, 1 മുതൽ 7 വരെ - 2000/- രൂപ, 8 മുതൽ 10 വരെ - 3000/- രൂപ, 11, 12 ക്ലാസ്സുകൾക്ക് - 4000/- രൂപ

4. സൗജന്യ റേഷൻ :

ദുരിതബാധിതപട്ടികയിൽ ഉള്ളവരെ ബിപിഎൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യ റേഷൻ നൽകിവരുന്നു.

5. ഭവന പദ്ധതികൾ:

ദുരിതബാധിതർക്ക് താഴെപറയുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ഭവന നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിച്ച വരുന്നു.

(i) കാനറാബാങ്ക് സഹായത്തിലുള്ള പദ്ധതി: ഈ പദ്ധതിയുടെ കീഴിൽ 11 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ii) കെസെഫ് - സുൽത്താൻ ഗോൾഡ് ഭവന പദ്ധതി : കാസർഗോഡ് സോഷ്യോ ഇക്കണോമിക് ഫോറം - സുൽത്താൻ ഗോൾഡ് പദ്ധതിയുടെ കീഴിൽ ദുരിതബാധിതർക്കായി 4 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിൽ പ്രസ്തുത ട്രസ്റ്റ് 36 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(iii) സാഫല്യം ഭവന പദ്ധതി : സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടുകൂടിയുള്ള സാഫല്യം എന്ന ഭവന പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സത്യസായി ട്രസ്റ്റ് 108 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് തയ്യാറായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ